പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1702 | 14.08.2017-ൽ മറുപടിക്ക്

# മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ആർ. രാമചന്ദ്രൻ | | ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം ഗുണഭോക്താക്കൾക്ക് ലഭിക്കുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തുക അനുവദിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും കൊല്ലം ജില്ലയിൽ തുക വിതരണം ചെയ്യപ്പെട്ടിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും തുക അനുവദിച്ച് ഫണ്ട് ലഭ്യമായ ശേഷം താലൂക്ക് ഓഫീസ് മുഖാന്തിരമാണ് തുക വിതരണം ചെയ്യുന്നത്. താലൂക്ക് ഓഫീസുകളിൽ നിന്നും അക്വിറ്റൻസ് തയ്യാറാക്കി വില്ലേജ് തിരിച്ച് ടി ലിസ്റ്റ് വില്ലേജിൽ കൊടുക്കുന്നുണ്ട്. ബന്ധപ്പെട്ട എല്ലാ കക്ഷികളേയും വിവരം അറിയിച്ച് ധനസഹായ വിതരണം വേഗത്തിൽ നടന്നു വരുന്നു. |
| (ബി) | കൊല്ലം ജില്ലാ കളക്ടർ അനുവദിച്ച് ഉത്തരവായ ചികിത്സാ ദുരിതാശ്വാസം എത്രയും വേഗം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ? | (ബി) | കൊല്ലം ജില്ലാ കളക്ടർ 08.08.2017 വരെ 3593 കേസുകളിൽ തുക അനുവദിക്കുകയും 1741 കേസുകളിൽ തുക വിതരണം ചെയ്യുന്നതിനായി താലൂക്ക് തഹസീൽദാർമാർക്ക് അനുവദിക്കുകയും ചെയ്തു. ബാക്കിയുള്ള കേസുകളിൽ കൂടി തുക വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

Bindumol. K.N

സെക്ഷൻ ഓഫീസർ